## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2655 — 6.12.2018 -ൽ മറുപടിയ്ക്ക്

### വിനോദസഞ്ചാരമേഖലയെ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമങ്ങൾ

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.പി.കെ. ശശി<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.എൻ. വിജയൻ പിള്ള : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | പ്രളയ ദുരിതത്തിനിടയിലും വിനോദസഞ്ചാരമേഖലയെ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമങ്ങൾക്കുള്ള അംഗീകാരമായി സംസ്ഥാനം നേടിയെടുത്ത ദേശീയ ടൂറിസം പുരസ്കാരങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | പ്രളയ ശേഷം ദേശീയ തലത്തിൽ കേരള ടൂറിസത്തിന് ലഭിച്ച അംഗീകാരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. Best State/UT for Comprehensive Development of Tourism (Rest of India): 2nd Prize (2016-17)<br>2. Best Tourism Film: Live Inspired (2016-17)<br>3. Best Tourism Promotion Publicity Material-Excellence in publishing foreign Language; Boat Race Brochure, German (2016-17)<br>4. Best Responsible Tourism Project/ Initiative: Responsible Tourism Wayanad (2016-17) |
| ബി) | സംസ്ഥാനത്തെ ടൂറിസം വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി മന്ത്രിതല സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ടൂറിസം അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട വകുപ്പുകളും തമ്മിലുള്ള ഏകോപനത്തിനും മേൽനോട്ടത്തിനുമായി ബഹു. മുഖ്യമന്ത്രി ചെയർമാനായും, ബഹു. ടൂറിസം വകുപ്പ് മന്ത്രി വൈസ് ചെയർമാനും, ബഹു. റവന്യൂ വകുപ്പ് മന്ത്രി, ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി, ബഹു. വൈദ്യുതി വകുപ്പ് മന്ത്രി, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, ബഹു. വനം വകുപ്പ് മന്ത്രി, ബഹു. ജലവിഭവ വകുപ്പ് മന്ത്രി എന്നിവർ അംഗങ്ങളായും, അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി ജലവിഭവ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി വനവും വന്യജീവിയും വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി ഊർജ്ജ വകുപ്പ് |

| | | | |
|---|---|---|---|
| | | | ഡയറക്ടർ ടൂറിസം വകുപ്പ് എന്നിവർ എക്സ് ഒഫീഷ്യോ അംഗങ്ങളായും, സെക്രട്ടറി ടൂറിസം വകുപ്പ് കൺവീനറായും ഒരു മന്ത്രിതല സമിതി രൂപീകരിച്ചിട്ടുണ്ട്. |
| സി) | എങ്കിൽ എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | സി) | സംസ്ഥാനത്തെ ടൂറിസം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രത്യേക ദിശാബോധം കൈവരിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ടൂറിസം അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട വകുപ്പുകളും തമ്മിലുള്ള ഏകോപനത്തിനും മേൽനോട്ടത്തിനുമായാണ് മന്ത്രിതല സമിതി രൂപീകരിച്ചിട്ടുള്ളത്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**